"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. അബ്ദുൾ വഹാബ്. പി.വി, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ആശുപത്രി, പയ്യന്നൂർ - പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.3955/2025/H&FWD തീയതി, തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. ശ്രീ. അബ്ദുൾ വഹാബ്. പി.വി സമർപ്പിച്ച 02.09.2024 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.11.2025 തീയതിയിലെ ഇ.എഫ്1-7427/2025/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ, പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ.അബ്ദുൾ വഹാബ് പി.വി, 02.09.2024 തീയതിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പോകുന്ന സമയത്ത് വാഹനാപകടത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ജോലിയിൽ നിന്നും വിട്ടുനിന്ന 03.09.2024 മുതൽ 12.12.2024 വരെ 101 ദിവസത്തേക്ക് പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച സൂചന (1) അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീ. അബ്ദുൾ വഹാബ് പി.വി അവധി കഴിഞ്ഞ് 13.12.2024-ന് ജോലിയിൽ തിരികെ പ്രവേശിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ, പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. അബ്ദുൾ വഹാബ് പി.വി., 02.09.2024 തീയതിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പോകുന്ന സമയത്ത് നടന്ന വാഹനാപകടത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ജോലിയിൽ നിന്നും വിട്ടുനിന്ന 03.09.2024 മുതൽ 12.12.2024 വരെ 101 ദിവസത്തേക്ക് കെ.എസ്.ആർ ഭാഗം 1, ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ.
സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.

ശ്രീ. അബ്ദുൾ വഹാബ് പി.വി, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/310/2025-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 22-12-2025 11:38:53